പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3347

18/02/2013- ൽ മറുപടിക്ക്

## നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള ശമ്പളം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ജോലി ചെയ്യുന്ന ജീവനക്കാരിൽ നല്ലൊരുഭാഗത്തിനും സ്വന്തം ഫണ്ടിൽനിന്ന് ശമ്പളം നൽകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തന്മൂലം പല നഗരസഭകളിലും ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൃത്യസമയത്ത് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | നഗരസഭകളിലെ പ്രസ്തുത പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 20/11/2012 ലെ സഉ(സാധാ) നം.3200/12/തസ്വഭാവ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. കുട്ടി അഹമ്മദ് കുട്ടി അദ്ധ്യക്ഷനായുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിന് 3 മാസത്തെ കാലാവധിയുണ്ട് |
| (ഡി) | നഗരസഭകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയമിക്കപ്പെട്ട ശ്രീ. കുട്ടി അഹമ്മദ് കുട്ടി അദ്ധ്യക്ഷനായുള്ള സമിതി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ സമിതി എപ്പോൾ റിപ്പോർട്ട് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ)<br>(എഫ്)<br>(ജി) | സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| (എഫ്) | റിപ്പോർട്ട് ലഭ്യമെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ; | | |
| (ജി) | പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | | |
| (എച്ച്) | സിവിൽ സർവ്വീസിലെ മറ്റുവകുപ്പുകളിൽ നിലനിൽക്കുന്നതുപോലെ മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർക്ക് ട്രഷറിയിൽനിന്ന് ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | (എച്ച്) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ